# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*

No.16/PR/PIC/PHQ/18 Date : 31.01.2018

**മുതിർന്ന പൗരന്മാർക്കുള്ള സുരക്ഷ മെച്ചപ്പെടുത്താൻ സംസ്ഥാന പോലീസ് മേധാവി നിർദേശം നല്കി.**

സംസ്ഥാനത്തെ മുതിർന്ന പൗരൻമാരുടെ സുരക്ഷയും സംരക്ഷണവും മെച്ചപ്പെടുത്തുന്നതിന് സംസ്ഥാന പോലീസ് മേധാവി ജില്ലാ പോലീസ് മേധാവിമാർക്ക് നിർദേശം നല്കി.

വേണ്ടത്ര പരിചരണമല്ലാതെ ദരിദ്രസാഹചര്യങ്ങളിൽ കഴിയുന്നവർ, നല്ല ധനസ്ഥിതിയുണ്ടെങ്കിലും സഹായത്തിന് ഉറ്റവർ കൂടെയില്ലാതെ ബഹുനില വീടുകളിൽ ഒറ്റപ്പെട്ട് കഴിയുന്നവർ, മക്കളാലും മറ്റും ഉപേക്ഷിക്കപ്പെട്ട് അവശനിലയിൽ കഴിയുന്നവർ, അപകടകരങ്ങളായ സാഹചര്യങ്ങളിൽ കഴിയുന്നവർ തുടങ്ങി പലതരത്തിൽ വൈഷമ്യമനുഭവിക്കുന്ന മുതിർന്ന പൗരന്മാർ സംസ്ഥാനത്തുണ്ട്. ഇത്തരക്കാരുടെ സംരക്ഷണം ഉറപ്പാക്കേണ്ടത് പോലീസിന്റെ കർത്തവ്യമാണ്. ഓരോ പോലീസ് സ്റ്റേഷനും ഇത്തരത്തിൽ ബുദ്ധിമുട്ടനുഭവിക്കുന്ന മുതിർന്ന പൗരൻമാരുടെ വിവരങ്ങൾ പോലീസ് സ്റ്റേഷൻ അടിസ്ഥാനത്തിൽ ശേഖരിക്കുകയും അവരുടെ സുരക്ഷ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കുകയും വേണം,.

പോലീസ് ഉദ്യോഗസ്ഥർ തങ്ങളുടെ സ്റ്റേഷൻപരിധിയിലുള്ള ഇത്തരം മുതിർന്ന പൗരന്മാരുമായി നിരന്തരം സമ്പർക്കം പുലർത്തണം. ഇടയ്ക്കിടെ അവരുടെ വീടുകൾ സന്ദർശിക്കണം. വാരാന്ത്യങ്ങളിൽ ഇവർക്കായുള്ള വിവിധ പരിപാടികളും സംഘടിപ്പിക്കാവുന്നതാണ്. മുതിർന്ന പൗരന്മാരുടെ യോഗങ്ങൾ സംഘടിപ്പിച്ച് അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കി അവരെ സഹായിക്കാനുള്ള നടപടികൾ കൈക്കൊള്ളണം. പോലീസ് പ്രവർത്തനങ്ങൾ കുടുതൽ മെച്ചപ്പെടുത്തുന്നതിന് അവരിൽ നിന്നുള്ള നിർദ്ദേശങ്ങളും സ്വീകരിക്കണം. അടിയന്തരഘട്ടങ്ങളിൽ പോലീസ് സ്റ്റേഷനുമായി വേഗത്തിൽ ബന്ധപ്പെടാനുള്ള ഫോൺ സംവിധാനങ്ങൾ സ്ഥാപിക്കുക തുടങ്ങിയ പ്രവർത്തനങ്ങളും ആവിഷ്കരിക്കാവുന്നതാണെന്ന് സംസ്ഥാന പോലീസ് മേധാവി നിർദ്ദേശിച്ചു.

തുടക്കമെന്ന നിലയിൽ ഓരോ ജില്ലയിലും മുതിർന്ന പൗരൻമാർ ധാരാളമായി താമസിക്കുന്ന സ്ഥലങ്ങൾ തെരഞ്ഞെടുത്ത് അവിടങ്ങളിൽ ഈ പ്രവർത്തനങ്ങൾ ആരംഭിക്കാവുന്നതാണ്.

മുതിർന്ന പൗരന്മാർക്കുള്ള ഈ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട നിർദ്ദേശങ്ങൾ ഫെബ്രുവരി 15 നകം അഡ്മിനിസ്ട്രേഷൻ ഐ.ജി. പി.വിജയന് നൽകാനും സംസ്ഥാന പോലീസ് മേധാവി ജില്ലാ പോലീസ് മേധാവിമാർക്ക് നിർദ്ദേശം നൽകി.

***********